## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1648** **08-02-2023 - ൽ മറുപടിയ്ക്ക്**

## മടിക്കൈ പഞ്ചായത്തിലെ വിള ഇൻഷ്വറൻസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏറ്റവും അധികം വാഴ കൃഷി ചെയ്യുന്ന പഞ്ചായത്തുകളിലൊന്നായ മടിക്കൈയിലെ വാഴ കർഷകർക്ക് സാങ്കേതിക പ്രശ്നങ്ങൾ മൂലം വിള ഇൻഷ്വർ ചെയ്യാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്. മടിക്കൈയിലെ വാഴ കർഷകർ വാഴകൃഷി ചെയ്യുന്നത് കൂടുതലും പുഴയുടെ തീരത്താണ്. ഈ മേഖല വെള്ളപ്പൊക്ക സാധ്യത മേഖലയിൽ ഉൾപ്പെട്ടതാണ്. ഈ വിവരങ്ങൾ ശരിവെക്കുന്ന കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ ബന്ധപ്പെട്ട മേഖലയുടെ ഫ്ലഡ് മാപ്പ് ലഭ്യമാണ്. ഇവിടെ വാഴകൃഷി തുടങ്ങുമ്പോൾ മഴപെയ്ത് വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥയാണ്. ഇത്തരം സ്ഥലങ്ങളിൽ വാഴകൃഷി ചെയ്താൽ നശിക്കുമെന്ന് ഉറപ്പുള്ളതിനാൽ ഇത്തരം പ്രദേശങ്ങളിൽ വാഴകൃഷി പ്രോത്സാഹിപ്പിക്കുവാൻ സാധിക്കുകയില്ല. ഇത്തരം സാങ്കേതിക പ്രശ്നങ്ങളാൽ വാഴകൃഷിക്ക് ഇൻഷ്വറൻസ് അനുവദിച്ചു വരുന്നില്ല. ഇത്തരം സ്ഥലങ്ങളിൽ അല്ലാതെ വാഴ കൃഷി ചെയ്യുന്ന എല്ലാ കർഷകർക്കും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന അംഗങ്ങളാകാവുന്നതാണ്.** |
| (ബി) | മടിക്കൈയിലെ വാഴ കർഷകർക്ക് വിള ഇൻഷ്വർ ചെയ്യാൻ പ്രത്യേക നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (ബി) | **ഉണ്ട്. മടിക്കൈയിലെ വാഴ കർഷകർ വാഴകൃഷി ചെയ്യുന്നത് കൂടുതലും പുഴയുടെ തീരത്താണ്. ഈ മേഖല വെള്ളപ്പൊക്ക സാധ്യത മേഖലയിൽ ഉൾപ്പെട്ടതാണ്. ഈ വിവരങ്ങൾ ശരിവെക്കുന്ന കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ ബന്ധപ്പെട്ട മേഖലയുടെ ഫ്ലഡ് മാപ്പ് ലഭ്യമാണ്. ഇവിടെ വാഴകൃഷി തുടങ്ങുമ്പോൾ മഴപെയ്ത് വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥയാണ്. ഇത്തരം സ്ഥലങ്ങളിൽ വാഴകൃഷി ചെയ്താൽ നശിക്കുമെന്ന് ഉറപ്പുള്ളതിനാൽ ഇത്തരം പ്രദേശങ്ങളിൽ വാഴകൃഷി പ്രോത്സാഹിപ്പിക്കുവാൻ സാധിക്കുകയില്ല. ഇത്തരം സാങ്കേതിക പ്രശ്നങ്ങളാൽ വാഴകൃഷിക്ക് ഇൻഷ്വറൻസ് അനുവദിച്ചു വരുന്നില്ല. ഇത്തരം സ്ഥലങ്ങളിൽ അല്ലാതെ വാഴ കൃഷി ചെയ്യുന്ന എല്ലാ കർഷകർക്കും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന അംഗങ്ങളാകാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ